# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം



# യോശുവ സ്ഥാനം ഏറ്റെടുക്കുന്നു

എഴുതിയത്: Edward Hughes
ഉദാഹരണം : Janie Forest
അംഗീകരിച്ചത്: Rev. Benny
തർജ്ജിമ ചെയുതത്: Ruth Klassen

കഥ 13-60 നിന്നും

**www.M1914.org**

***Bible for Children,*** *PO Box 3, Winnipeg, MB R3C 2G1 Canada*

കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

മലയാളം

Malayalam

മോശെ മരിച്ചുകഴിഞ്ഞു. യിസ്രായേലിനെ നയിക്കുവാൻ ദൈവം തന്നെ തിരഞ്ഞെടുത്തിരിക്കുന്നുവെന്നു യോശുവയ്ക്ക് അറിയാമായിരുന്നു. സൈന്യത്തെ തയ്യാറാക്കുന്നതിനുമുമ്പ് യോശുവയ്ക്ക് സ്വയം തയ്യാറാകണമായിരുന്നു.



1

ജനം ദൈവത്തിന്റെ വചനം അനുസരിച്ചാൽ വാഗ്ദത്തനാട്ടിൽ തങ്ങൾക്ക് വിജയവും സമൃദ്ധിയും ഉണ്ടാകുമെന്നു ദൈവം യോശുവയോട് വാഗ്ദത്തം ചെയ്തിരുന്നു.



2


തങ്ങൾ യോശുവയെ പിമ്പറ്റിക്കൊള്ളാമെന്നും
എപ്പോഴും ദൈവത്തെ അനുസരിച്ചുകൊള്ളാമെന്നും
യിസ്രായേൽ മക്കൾ
വാക്കുപറഞ്ഞിരുന്നു.
3


മഹാനഗരമായ
യെരീഹോവിലെ
പ്രതിരോധ
ശക്തിയെക്കുറിച്ച്
മനസ്സിലാക്കേണ്ടതിന്
ബുദ്ധിമാനായ പുതിയ
നേതാവ് ചാരന്മാരെ
കനാനിലേക്ക് അയച്ചു.
യിസ്രായേലിന്റെ
ആദ്യത്തെ യുദ്ധം
അവിടെയാണ്
ചെയ്യേണ്ടത്.
4


പട്ടണത്തിൽ ചാരന്മാർ വന്നിട്ടുണ്ടെന്ന് യെരീഹോ
രാജാവിനോട് ആരോ പറഞ്ഞു. അവരെ
കണ്ടെത്തുവാൻ അവൻ പട്ടാളക്കാരെ അയച്ചു.
അങ്ങനെ ചാരന്മാർ താമസിച്ചിരുന്ന രാഹാബിന്റെ
വീട്ടിലും സൈന്യം അന്വേഷിച്ചു വന്നു. പട്ടാളക്കാർ
വാതിലിൽ ആഞ്ഞിടിച്ചു. പെട്ടെന്ന് രാഹാബ് ആ
മനുഷ്യരെ ചണത്തണ്ടുകളുടെ ഇടയിൽ ഒളിപ്പിച്ചിരുത്തി.
5


പട്ടാളക്കാർ
പോയിക്കഴിഞ്ഞപ്പോൾ,
രാഹാബ്
കിളിവാതിലിലൂടെ
ഒരു കയറുകെട്ടി
ഇറക്കിവിടുകയും
അവർ സുരക്ഷിതമായി
പട്ടണമതിലിന് പുറത്ത്
വരികയും ചെയ്തു.
അവൾ ഈ ചാരന്മാരെ
സഹായിക്കാൻ
കാരണമെന്താണ്?
6


ദൈവം
അവരോടുകൂടെ
ഉണ്ടെന്ന് അവൾ
അറിഞ്ഞിരുന്നു. ദൈവം
അവളുടെ ജീവനെ
രക്ഷിക്കണമെന്നു
അവൾ ആഗ്രഹിച്ചു.
രാഹാബിനെയും
കുടുംബത്തെയും
രക്ഷിക്കാമെന്നു
ചാരന്മാർ
വാക്കുപറകയും
ചെയ്തു.
7


യെരീഹോവിൽ എത്തുന്നതിനു മുമ്പ് യിസ്രായേൽ യോർദ്ദാൻ
നദി കടക്കണമായിരുന്നു. അതു കടന്നാൽ മാത്രമേ വാഗ്ദത്ത
ദേശമായ കനാനിൽ എത്തുവാൻ കഴിയുകയുള്ളു. എന്നാൽ
അവിടെ പാലം ഇല്ല! പിന്നെങ്ങനെ ജനങ്ങൾ നദി കടക്കും?
8

പത്തു കല്പനകൾ അടങ്ങിയ നിയമ പെട്ടകം ചുമക്കുന്ന പുരോഹിതന്മാർ സൈന്യത്തെയും ജനത്തെയും നയിക്കണമെന്നു ദൈവം യോശുവയോട് കല്പിച്ചു. പുരോഹിതന്മാരുടെ പാദങ്ങൾ വെള്ളത്തിന്റെ അരികത്ത് എത്തിയപ്പോൾ ദൈവം ഒരു അത്ഭുതം പ്രവർത്തിച്ചു. വെള്ളത്തിലൂടെ ദൈവം ഒരു ഉണങ്ങിയ വഴി ഉണ്ടാക്കി.



9

ജനമെല്ലാം സുരക്ഷിതമായി ഇക്കരെ കടന്നശേഷം അവർ യോർദ്ദാന്റെ നടുവിൽ പന്ത്രണ്ട് കല്ലുനാട്ടി. മറ്റു പന്ത്രണ്ട് കല്ല് കനാന്റെ തീരത്തും വെച്ചു. ദൈവത്തിന്റെ വലിയ സ്നേഹത്തെയും മഹാ പ്രവർത്തിയെയും ജനങ്ങൾ തങ്ങളുടെ തലമുറകൾക്ക് പറഞ്ഞുകൊടുക്കേണ്ടതിന് ഒരു അടയാളമായിട്ടാണ് ഈ കല്ലുകൾ സ്ഥാപിച്ചിരിക്കുന്നത്.



10



വലിയ മതിലോടുകൂടിയ ശക്തമായ പട്ടണമായിരുന്നു യെരീഹോ. തന്റെ ആക്രമണത്തെക്കുറിച്ച് യോശുവ പദ്ധതി തയ്യാറാക്കിയപ്പോൾ, തന്റെ ജനത്തിനുവേണ്ടി താൻ യുദ്ധംചെയ്ത് ജയിക്കുമെന്ന് യിസ്രായേലിന്റെ പുതിയ നേതാവിനെ ഓർപ്പിക്കേണ്ടതിന് ദൈവം സ്വർഗ്ഗത്തിൽനിന്ന് തന്റെ സൈന്യത്തിന്റെ ക്യാപ്റ്റനെ അയച്ചു.

11



യെരീഹോവിനെ ആക്രമിക്കേണ്ടത് എങ്ങനെയെന്ന് ദൈവം യോശുവയോടു പറഞ്ഞു. വളരെ അപരിചിതമായ ഒരു പദ്ധതിയായിരുന്നു അത്. ദൈവത്തിന്റെ ജനം ആ പട്ടണത്തിനു ചുറ്റും ആറു ദിവസം ഓരോ പ്രാവശ്യവും ഏഴാം ദിവസം ഏഴുപ്രാവശ്യവും ചുറ്റണമായിരുന്നു. പിന്നെയവർ കാഹളം ഊതുകയും ആർപ്പിടുകയും വേണം. അപ്പോൾ പട്ടണ മതിൽ തകർന്നുവീഴും!

12

ദൈവം കല്പിച്ചിരുന്നതുപോലെ തന്നെ യോശുവയും സൈന്യവും ചെയ്തു. യെരീഹോവാസികൾ അവരെക്കണ്ട് ചിരിച്ചുകാണും. എന്നാൽ, ഏഴാം ദിവസത്തെ ഏഴാം തവണത്തെ ചുറ്റലും കഴിഞ്ഞപ്പോൾ പുരോഹിതൻ ആട്ടിൻ കൊമ്പ് ഊതി.




13

ഉടനെ ദൈവം വാഗ്ദത്തം ചെയ്തിരുന്നതുപോലെതന്നെ... യെരീഹോവിന്റെ വലിയ മതിലുകൾ തകർന്നുവീണു!




14



മതിലിന്മേലുള്ള
രാഹാബിന്റെ വീടു മാത്രം
സംരക്ഷിക്കപ്പെട്ടു. അവൾ
ജനലിൽ കൂടെ ചുവപ്പു
ചരട് തൂക്കിയിട്ടിരുന്നു.

15



പെട്ടെന്ന് യോശുവയുടെ
ആളുകൾ രാഹാബിനെയും
അവളുടെ കുടുംബത്തെയും
രക്ഷിച്ചു. പിന്നെ, ദൈവം
കല്പിച്ചിരുന്നതു പോലെ
യെരീഹോ പട്ടണം നശിപ്പിച്ചു.

16



യെരീഹോവിൽ നിന്നു
കിട്ടിയ പൊന്നും വെള്ളിയും സകല
ദ്രവ്യങ്ങളും യോശുവ യഹോവയ്ക്കായി
സമർപ്പിച്ചു. ഈ പട്ടണം പുതുക്കിപ്പണിയാൻ
ആരെങ്കിലും ശ്രമിച്ചാൽ അവന്റെ മേൽ വരുന്ന
ശാപത്തെക്കുറിച്ചും യോശുവ ശപദം ചെയ്തു.

17



യോശുവ യെരീഹോ പട്ടണത്തെ
കീഴ്പ്പെടുത്തിയ വാർത്ത കനാൻ
നിവാസികളുടെയടുത്ത് അതിവേഗം
എത്തി. ദൈവം തന്റെ ജനത്തോടുകൂടെ
ഉണ്ടെന്ന് അവരും അറിഞ്ഞു.

18

യോശുവ സ്ഥാനം ഏറ്റെടുക്കുന്നു

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

യോശുവ 1–6

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

നാം തെറ്റകരെന്ന ദൈവം അറിയുന്ന അതിന് പാപംമെന്ന പറയുന്ന.
പാപത്തിനള്ള ശിക്ഷയാണ് മരണം.

ദൈവം നമ്മെ സ്നേഹിച്ച അതിനാൽ തന്റെ മകനായ യേശുവിനെ നമ്മുടെ
പാപങ്ങളുടെ പരിഹാരത്തിനായി ക്രൂശിൽ മരിക്കണ്ടതിന ഈ
ലോകത്തിലേക്ക് വന്ന യേശു മരിച്ച് ഉയിർത്തെഴന്നേറ്റ സ്വർഗ്ഗത്തിലേക്ക്
പോയി. ദൈവത്തിന നമ്മുടെ പാപങ്ങളെ ക്ഷമിപ്പാൻ കഴിയും.

നമ്മുടെ പാപങ്ങള്ളിൽ നിന്ന്  വിടുതൽ ആവശ്യമെങ്കിൽ ദൈവത്തോട്
ഇപ്രകാരം പറയുക. പ്രിയ ദൈവമേ യേശുവേ എനിക്ക് വേണ്ടി മരിച്ച
ഇപ്പോൾ ജീവിക്കുന്ന എന്ന് ഞാൻ
വിശ്വസിക്കുന്ന. എന്റെ ഹൃദയത്തിലേക്ക് വന്ന് എന്റെ പാപങ്ങളെ
ക്ഷമിക്കേണം. എനിക്ക് പുതിയൊരു ജീവിതം നൽകേണമേ നിരന്തരം
നിന്നോട് അടുത്ത് ജീവിക്കുവാനം നിന്റെ മകനായി ജീവിക്കുവാൻ
സഹായിക്കേണമേ. ആമേൻ
യോഹന്നാൻ 3:16

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും
ചെയുക.